# വാർഷിക റിപ്പോർട്ട്
## 2015 - 2016



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

# കേരള സംസ്ഥാന
# ജൈവവൈവിധ്യ ബോർഡ്

## വാർഷിക റിപ്പോർട്ട്
2015 - 2016

എൽ–14,ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം–695011
Ph – 0471 – 2554740, Telefax: 0471- 2448234
Email: keralabiodiversity@gmail.com
Website: www.keralabiodiversity.org

വാർഷിക റിപ്പോർട്ട് 2015 - 2016

Prepared by:

©കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2016

Published by:
**ഡോ ഉമ്മൻ വി . ഉമ്മൻ**
**ചെയർമാൻ**
എൽ-14,ജയ് നഗർ,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം-695011
E-mail: keralabiodiversity@gmail.com
web: www.keralabiodiversity.org
Ph: 0471-2554740

Chief Editor:
**ഡോ കെ.പി. ലാലാദാസ്**
**മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

Editors:

**ഡിസൈൻ & ലേഔട്ട്**
**പ്രവീൺ.കെ.പി**

# മുഖവുര

'ഈ ഭൂമി നമുക്കു സ്വന്തമല്ല മറിച്ച് ഭൂമിക്കു സ്വന്തമാണ് നമ്മൾ' എന്ന അടിസ്ഥാന ബോധമുായാൽ മാത്രമേ ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയുമൊക്കെ പ്രാധാന്യം മനുഷ്യരാശിക്ക് ഉൾക്കൊള്ളാനാവൂ. ഇതിനായി അവബോധ പ്രവർത്തനങ്ങൾ, സംരക്ഷണ പ്രവർത്തനങ്ങൾ, പഠനം, ഗവേഷണം എന്നിവ സംയോജിതമായി നടപ്പാക്കേതുണ്ട്.

ഈ ദിശയിലുള്ള പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പാക്കി വരുന്നത്. 2015-16 വർഷത്തിലും ഏറ്റവും മികച്ചരീതിയിൽത്തന്നെ ഈ പ്രവർത്തനങ്ങൾ നടപ്പാക്കാനായെന്നത് അഭിമാനം പകരുന്ന വസ്തുതയാണ്. പല പുതിയ പ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കാനും ഇക്കാലയളവിൽ സാധിച്ചു.

ജൈവവൈവിധ്യ ബോർഡ് അംഗങ്ങൾ, മെമ്പർ സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ആത്മാർത്ഥമായ സഹകരണമാണ് ഭാരതത്തിലെ മറ്റു ജൈവവൈവിധ്യ ബോർഡുകളെ അപേക്ഷിച്ച് ഈ സ്ഥാപനത്തെ മുൻപന്തിയിലെത്തിച്ചത്. ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാവരെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

**ഡോ. ഉമ്മൻ വി. ഉമ്മൻ**
ചെയർമാൻ

# ആമുഖം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാകുകയും കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിക്കുകയും ചെയ്ത കാലഘട്ടമാണ് 2015 – 16 വർഷം.

ത്രിതല പഞ്ചായത്തുകളിൽ പുതിയ ഭരണ സമിതികൾ അധികാരമേറ്റ സാഹചര്യത്തിൽ ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾ പുനഃസംഘടിപ്പിക്കുന്നത് ഒരു മുഖ്യ ദൗത്യമായി ബോർഡ് ഏറ്റെടുത്തു. 139 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതു പൂർത്തിയാക്കാനും സാധിച്ചു. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ പ്രാദേശിക ജൈവവൈവിധ്യത്തിന്റെ സുപ്രധാന രേഖകളാണ്. ഇവ എക്കാലവും റഫറൻസായി സൂക്ഷിക്കാൻ ഡിജിറ്റലൈസേഷൻ പ്രക്രിയയും ഊർജ്ജിതമാക്കിയിട്ടുണ്ട്.

ജൈവവൈവിധ്യത്തെ സംബന്ധിച്ച് സാമാന്യ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒട്ടേറെ പ്രവർത്തനങ്ങൾ ഇക്കാലയളവിൽ പ്രവർത്തിപഥത്തിലെത്തിക്കാനായി. കെ.എസ്.ആർ.റ്റി.സി.യുമായി ചേർന്ന് രൂപം കൊടുത്ത 'ജൈവവൈവിധ്യ രഥം' ജൈവവൈവിധ്യ സംരക്ഷണ സന്ദേശവുമായി കേരളമൊട്ടാകെ യാത്ര ചെയ്യുകയാണ്. കോട്ടയത്തു നടന്ന ദേശീയ ജൈവവൈവിധ്യ പ്രദർശനം ഉൾപ്പെടെ നിരവധി പ്രദർശനങ്ങളിലും ബോർഡ് പങ്കാളിയായി. പ്രകൃതി സൗഹൃദ കർഷകർ മുതൽ നാട്ടറിവുകളുടെ സംരക്ഷകരുടെവരെ സംഗമങ്ങളും സംഘടിപ്പിച്ചു. 'ഗ്രീൻ ലൈഫ് വാർത്താ പത്രിക', ഗ്രന്ഥങ്ങൾ, ലഘുലേഖകൾ എന്നിവയുടെ പ്രസിദ്ധീകരണത്തിനും ഈ വർഷത്തിൽ മുൻഗണന നൽകിയിട്ടുണ്ട്.


ജൈവവൈവിധ്യ സംരക്ഷണത്തിനു മാതൃകകൾ സൃഷ്ടിക്കുകയും അതിലൂടെ മറ്റുള്ളവരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുക ലക്ഷ്യമിട്ടു ബോർഡ് പല പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഒലിവ് റിഡ്‌ലി കടലാമകളുടെ സംരക്ഷണവും പഠനവും, നാടൻ മത്സ്യങ്ങളുടെ സംരക്ഷണം, നാടൻ ഗോക്കളുടെ സംരക്ഷണം, കണ്ടൽ സസ്യങ്ങളുടെ വ്യാപനം എന്നിവയൊക്കെ ഇതിലുൾപ്പെടുന്നു.

പഠനഗവേഷണ പ്രവർത്തനങ്ങൾക്കും പരിഗണന നൽകിയിട്ടുണ്ട്. ബോർഡിനു കേരള സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകാരം ലഭിച്ചു. സമുദ്ര ജൈവവൈവിധ്യ രജിസ്റ്ററിനായുള്ള ഗവേഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, വിത്തുബാങ്കിന്റെ സജ്ജീകരണം, ദേശാടനപ്പറവകളുടെ നിരീക്ഷണവും വിവരശേഖരണവും, ഔഷധ സസ്യസംരക്ഷണം തുടങ്ങിയവയൊക്കെ ഇതിന്റെ ഭാഗമായി നടപ്പിലാക്കി.

കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്, ജൈവവൈവിധ്യ ക്ലബ്ബുകൾ, ജൈവവൈവിധ്യ സംരക്ഷകർക്കുള്ള പുരസ്ക്കാരം, ജൈവവൈവിധ്യ ശിൽപ്പശാലകൾ, ജൈവസമ്പത്തിന്മേലുള്ള പ്രവേശനവും ഉരുത്തിരിയുന്ന നേട്ടത്തിന്റെ തത്തുല്യമായ പങ്കുവയ്ക്കലും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങൾ വർദ്ധിത വീര്യത്തോടെ തുടരാനും ബോർഡിനു സാധിച്ചു.

മറ്റു സംസ്ഥാനങ്ങളിലെ ജൈവവൈവിധ്യ ബോർഡുകൾക്കു മാതൃകയാകുംവിധം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കഴിഞ്ഞ കാലയളവിൽ കാഴ്ചവച്ച പ്രവർത്തനങ്ങൾ മികച്ച രീതിയിൽത്തന്നെ തുടർന്നും മുന്നേറുമെന്നും പ്രത്യാശിക്കുന്നു.

**ഡോ. കെ.പി. ലാലാദാസ്**
മെമ്പർ സെക്രട്ടറി




| ഉള്ളടക്കം | |
|---|---|
| മുഖവുര | |
| ആമുഖം | |
| ഉള്ളടക്കം | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |



# വാർഷിക റിപ്പോർട്ട് 2015–16

## ജൈവവൈവിധ്യ പരിപാലന സമിതികളുടെ പുനഃസംഘടന

പുതുതായി രൂപീകൃതമായ പഞ്ചായത്ത് ഭരണസമിതികളുടെ സഹകരണത്തോടെ ജൈവവൈവിധ്യ പരിപാലന സമിതികൾ പുനഃസംഘടിപ്പിക്കുക എന്നത് 2015 – 16 വർഷത്തിൽ ബോർഡ് ഏറ്റെടുത്ത മുഖ്യ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. ഈ പ്രവർത്തനം സുഗമമാക്കാൻ പഞ്ചായത്ത് വകുപ്പ് ഒരു സർക്കുലർ പുറത്തിറക്കുകയുണ്ടായി (നമ്പർ.ഡി.എ1/2018/2015/എൽ.എസ്.ജി.ഡി തീയതി: 16/11/2015). ജില്ലാ കോർഡിനേറ്റർമാരുടെയും പ്രോജക്ട് ഫെലോമാരുടെയും ഉചിതമായ പ്രവർത്തനത്തിലൂടെയും പഞ്ചായത്ത് ഭരണസമിതികളുടെ സഹകരണത്തിലൂടെയും 139 ജൈവവൈവിധ്യ പരിപാലന സമിതികൾ ഇതിനകം പുനഃസംഘടിപ്പിച്ചു. ജൈവവൈവിധ്യ പരിപാലന സമിതികൾക്കുള്ള കൈപ്പുസ്തകം 941 ഗ്രാമപഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും ആറ് കോർപ്പറേഷനുകളിലും ലഭ്യമാക്കുകയും ചെയ്തു.

## ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ തയ്യാറാക്കൽ

837 ഗ്രാമപഞ്ചായത്തുകൾ 16 മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ ആകെ 854 (82%) ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 96 ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുകയും 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. ജില്ലാതലത്തിൽ ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 31/03/2016 ന് മുമ്പായി പൂർത്തിയാക്കിയ PBRs എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 72 GPs +3M |
| 2 | കൊല്ലം | 66 GPs+ 1M+ 1C |
| 3 | പത്തനംതിട്ട | 51 GPs + 3M |
| 4 | ആലപ്പുഴ= | 71 GPs +1M |
| 5 | കോട്ടയം | 60 GPs |
| 6 | ഇടുക്കി | 46 GPs +1M |
| 7 | എറണാകുളം | 66 GPs +2M |
| 8 | തൃശൂർ | 81 GPs |
| 9 | പാലക്കാട് | 58 GPs |
| 10 | മലപ്പുറം | 78 GPs +1M |
| 11 | കോഴിക്കോട് | 59 GPs +1M |
| 12 | വയനാട് | 25 GPs +1M |
| 13 | കണ്ണൂർ | 67 GPs +1M |
| 14 | കാസർഗോഡ് | 37 GPs +1M |
| | ആകെ | 837 GPs+16 M+1C |




# 2015 – 16 വർഷത്തിൽ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. 837 ഗ്രാമപഞ്ചായത്തുകൾ 16 മുനിസിപ്പാലിറ്റികൾ ഒരു കോർപ്പറേഷൻ എന്നിവയിൽ ഉൾപ്പെടെ ആകെ 854 (82%) ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 96 ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കി.

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ



പൂവാർ ഗ്രാമപഞ്ചായത്ത്




വാല്ലാച്ചേരി ഗ്രാമപഞ്ചായത്ത്

2. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ തയ്യാറാക്കലുമായി ബന്ധപ്പെട്ട് 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു; ഇതിൽ ഒമ്പത് ഗ്രാമപഞ്ചായത്തുകളും ഏഴ് മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനും ഉൾപ്പെടുന്നു.

3. 139 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ പുനഃസംഘടിപ്പിച്ചു.

4. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷനുവേണ്ടി ബോർഡ് ഒരു സോഫ്റ്റ് വെയറിനു രൂപംനൽകി. 33 രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയായിട്ടുണ്ട്.



5. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ കേരളാ യൂണിവേഴ്സിറ്റി ഗവേഷണകേന്ദ്രമായി അംഗീകരിച്ചു. പത്ത് ഡോക്ടറൽ ഫെല്ലോകളും രണ്ട് പോസ്റ്റ് ഡോക്ടറൽ ഫെല്ലോകളും ഈ കേന്ദ്രത്തിൽ ഗവേഷണം നടത്തിവരികയാണ്.

6. സമുദ്ര ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ ജില്ലകളിലെ വിവരശേഖരണം, സാമ്പിൾ ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

7. 2.45 ഏക്കറിൽ ശാന്തിസ്ഥൽ പദ്ധതിയുടെ ഭാഗമായി അപൂർവ്വസസ്യങ്ങളുടെ ഉദ്യാനം ഒരുക്കാനായിട്ടുണ്ട്, ഇതുൾപ്പെടെ ശാന്തിസ്ഥൽ പദ്ധതിയിൽ ഉൾപ്പെടുന്ന സംരക്ഷണോദ്യാനത്തിന്റെ മൊത്തം വിസ്തൃതി 15.35 ഏക്കറാണ്.




8. നടപ്പുവർഷം 455 ജൈവവൈവിധ്യ ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇതുൾപ്പെടെ 1136 ക്ലബ്ബുകളാണ് നിലവിലുള്ളത്.

9. ജൈവവൈവിധ്യ പ്രദർശനം ഒരുക്കിയിട്ടുള്ള, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും കെ.എസ്.ആർ.ടി.സി.യുടെയും സംയുക്ത സംരംഭമായ 'ജൈവവൈവിധ്യ രഥം' 13/01/2016 ന് വനംപരിസ്ഥിതി – ചലച്ചിത്ര –ഗതാഗത വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്തു. ഇതു പര്യടനം നടത്തുകയാണ്.




10. വള്ളക്കടവിലെ ബോട്ട് ഹൗസിൽ കേരള ജൈവവൈവിധ്യ പാർക്ക് ഒരുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിക്കുകയാണ്.

11. മൂന്നാറിലെ ദേവികുളത്ത് ദേശീയ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കുന്നതിനുള്ള ഭൂമി കൈമാറ്റം ചെയ്ത് കിട്ടുന്നതിന് റവന്യൂ വകുപ്പ് അധികൃതരുമായി ബന്ധപ്പെട്ടുവരികയാണ്.

12. 'ഗ്രീൻലൈഫ്' വാർത്താ പത്രികയുടെ 2015 മെയ്, സെപ്തംബർ, 2016 ജനുവരി പതിപ്പുകൾ പുറത്തിറക്കി.


Quarterly Newsletter
Green Life
May 2015 Vol - 4 Issue - 2

National Biodiversity Congress held at the capital

INSIDE THIS ISSUE
Editorial — 2
From Chairman's Desk — 3
KSBB Events — 4
Eco Heroes — 6
Strange But true — 7
Green Tales — 8

The National Biodiversity Congress and Expo were held at Kanakakkunnu, Thiruvananthapuram from 23rd to 27th February 2015.

National Biodiversity Expo was inaugurated by Chief Minister Oommen Chandy. More than 100 stalls were set by various institutions and organizations.

Chief Minister Oommen Chandy inaugurating 'Prakrithivarnangal'

'Prakruthivarnangal', a live Biodiversity painting programme by 40 artists was organized. This was also inaugurated by the Chief Minister. The Congress was inaugurated by K. Muraleedharan MLA. Dr. Oommen V. Oommen, Chairman, State Biodiversity Board presided over the function. Dr. K. P. Laladhas, Member Secretary, KSBB welcomed the gathering and Dr. S. Rajasekharan, Senior Programme Coordinator expressed vote of thanks. Mr. Yalakki IFS, Director, Department of Environment and Climate Change, Mr. K. G. Sreekumar, CEO, State Medicinal Plant Board and Dr. P. G. Latha, Director, Jawaharlal Nehru Tropical Botanic Garden and Research Institute were present.

K. Muralidharan, MLA inaugurating NBC 2015

Sustainable use of Bio-resources, need of the hour: Governor

The valedictory function of the 2nd National Biodiversity Congress held at Kanakakkunnu Palace Auditorium, Thiruvananthapuram, was inaugurated by Hon'ble Governor, Justice P. Sathasivam.

In his inaugural speech the Governor said that sustainable use of bio-resources should be promoted in the country. The emerging market for biodiversity-based products and services could generate alternative sources of income and livelihood. Minister for Environment and Forest Thiruvanchoor Radhakrishnan presided over the function.

Governor distributed prizes to the winners of the contests organized in connection with the Children's Biodiversity Congress and to the best pavilions of the Expo. Dr. Oommen V. Oommen, Chairman, Kerala State Biodiversity Board, Dr. AchuthShankar S. Nair, Board Member and Dr. K.P. Laladhas, Member Secretary, were present at the valedictory function.

Hon'ble Governor Justice P. Sathasivam inaugurating the valedictory function of NBC 2015

EDITORIAL BOARD

| Chairman-KSBB | Chief Editor | Editor | Asst. Editors | Layout & Design |
|---|---|---|---|---|
| Dr. Oommen V. Oommen | Dr. K. P. Laladhas, Member Secretary, KSBB | G. S. Unnikrishnan Nair | Dr. Preetha N, Dr. Vijayasree A. S, Mithrambika N.B, Dr. Baijulal B | Vinod A.G |

13. ദേശീയ ജൈവവൈവിധ്യ പ്രദർശനം 2016 ഫെബ്രുവരിയിൽ കോട്ടയത്ത് സംഘടിപ്പിച്ചു. നൂറോളം സ്റ്റാളുകളാണ് വിവിധ സ്ഥാപനങ്ങൾ ഇതിൽ ഒരുക്കിയത്. ജൈവവൈവിധ്യം, പരിസ്ഥിതി, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടവയായിരുന്നു ഈ സ്റ്റാളുകൾ.



16. ജൈവവൈവിധ്യ മേളയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ സംഗമം, നാട്ടുവൈദ്യന്മാരുടെ നാട്ടറിവ് സംഗമം, പരിസ്ഥിതി സൗഹൃദ കർഷകരുടെ ഹരിത സംഗമം, ജൈവവൈവിധ്യ പരിപാലന സമിതികളുടെ സംഗമം, ജൈവവൈവിധ്യ ക്ലബ്ബുകളുടെ സംഗമം എന്നിവ സംഘടിപ്പിച്ചു.



17. കുട്ടികളുടെ എട്ടാമത് ജൈവവൈവിധ്യ കോൺഗ്രസ് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽവച്ച് ഫെബ്രുവരി 22, 23 തീയതികളിൽ നടന്നു.



18. സംസ്ഥാന ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾ (12 വിഭാഗങ്ങളിൽ ഉൾപ്പെടുന്നവ) ജൈവൈവിധ്യ മേളയോടനുബന്ധിച്ച് സമ്മാനിച്ചു.



19. കേരള സർവ്വകലാശാലയുടെ സഹായത്തോടുകൂടി ജനിതക ഗവേഷണ വും സംരക്ഷണവും ലക്ഷ്യമിട്ട് വിത്തുബാങ്ക് സജ്ജമാക്കി.

20. കാസർഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളിൽ മുട്ടയിടാനെത്തുന്ന ഒലിവ് റിഡ്‌ലി കടലാമകളുടെ സർവ്വേയും മുട്ടയിടീൽ പ്രദേശങ്ങളുടെ മാപ്പിംഗും നടത്തുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്.

21. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ജൈവവൈവിധ്യ ക്ലബ്ബുക ളുടെ കോർഡിനേറ്റർമാർക്കായി അഞ്ച് പ്രാദേശിക ക്യാമ്പുകൾ സംഘടി പ്പിച്ചു.

22. ശാസ്താംകോട്ട, പമ്പ ജലാശയങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണ പ്ര വർത്തനങ്ങൾ നടത്തുന്നിനായി ഒരു സംയുക്ത ജൈവവൈവിധ്യ പരി പാലന സമിതിക്ക് രൂപം നൽകി. തിരുവനന്തപുരം നഗരപ്രദേശത്തിലെ വന്യസസ്യ ജൈവവൈവിധ്യം രേഖപ്പെടുത്തി, അത് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടി പുരോഗമിക്കുകയുമാണ്.

23. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നോട്ടിഫൈ ചെയ്തിട്ടുള്ള ആറ് സസ്യ സ്പീഷീസുകളെ അവയുടെ തനതായ ആവാസവ്യവസ്ഥയിലും അതിനു പുറത്തും സംരക്ഷിക്കുന്നതിനുള്ള പദ്ധതി ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. യുടെ സഹകരണത്തോടെ മുന്നേറുകയാണ്.

24. ജൈവവൈവിധ്യ ചട്ടത്തിൽ വിവക്ഷിക്കുന്ന "ജൈവ സമ്പത്തിന്മേലുള്ള പ്രവേശനവും അതിൽ നിന്ന് ഉരുത്തിരിയുന്ന നേട്ടത്തിന്റെ തത്തുല്യമായ പങ്കുവയ്ക്കലും" ആയി ബന്ധപ്പെട്ട് ഔഷധ നിർമ്മാണ കമ്പനികളുടെയും മറ്റും അസോസിയേഷനുകളുടെ മൂന്ന് യോഗങ്ങൾ സംഘടിപ്പിക്കുകയും ഒരു വിദഗ്ധ സമിതിയോഗം നടത്തുകയും ചെയ്തു.

25. ഗസറ്റ് ജി.ഒ.(പി) നമ്പർ 14/2015/പരി. തീയതി 11 നവംബർ 2015 അനുസരിച്ച് കേരള ജൈവവൈവിധ്യ നിയമം 2008 പരിഷ്ക്കരിച്ചു.

26. വെച്ചൂർ കൺസ്ട്രക്ഷൻ ട്രസ്റ്റ് വഴി കേരളത്തിലെ നാടൻ പശു ഇനങ്ങളായ വെച്ചൂർ, ചെറുവള്ളി എന്നിവയുടെ സംരക്ഷണത്തിനുള്ള ബോർഡിന്റെ പദ്ധതി പുരോഗമിക്കുകയാണ്.





29. വയനാടിലെ പക്ഷിവൈവിധ്യത്തിന്റെ രേഖപ്പെടുത്തലും തദ്ദേശീയമായതും ദേശാടനം നടത്തുന്നതുമായ പക്ഷികളുടെ ഡേറ്റാബേസ് തയ്യാറാക്കലും അവയുടെ ദേശാടന രീതി തിട്ടപ്പെടുത്തലും കൂടുകൂട്ടാൻ അവ തെരഞ്ഞെടുക്കുന്ന പ്രദേശങ്ങളുടെ പ്രത്യേകതകളും പഠിച്ച് കാലാവസ്ഥാ മാറ്റം ദേശാടനത്തിൽ ചെലുത്തുന്ന സ്വാധീനം കണ്ടെത്തുന്നതിനുള്ള പഠനവും വിവരങ്ങളുടെ രേഖപ്പെടുത്തലും പൂർത്തിയായി.

30. കേരളത്തിലെ സസ്യജന്തു വൈവിധ്യത്തിനെക്കുറിച്ച് ഒരു ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിച്ചു. ഡേറ്റാബേസ്, ഫോട്ടോകൾ, ആവാസവ്യവസ്ഥകൾ, സംരക്ഷണ പ്രവർത്തനങ്ങൾ, രൂപവിജ്ഞാനീയം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്നതാണ് ഇത്.

31. വയനാടിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ; രൂക്ഷമായ വംശനാശം നേരിടുന്ന ഔഷധസസ്യങ്ങളുടെ വർദ്ധനവ്, അവയുടെ വിവേചന പൂർണമായ വിളവെടുപ്പ്, ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവ ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

32. വയനാട്ടിലെ തവിഞ്ഞാൽ, പൂത്താടി, തിരുനെല്ലി, നൂൽപ്പുഴ എന്നീ പ്രദേശങ്ങളിൽ ഔഷധസസ്യങ്ങളുടെ ശേഖരകരായ ആദിവാസി ജനവിഭാഗങ്ങൾക്കുവേി ഉണക്കുകളങ്ങളും സംഭരണ സംവിധാനങ്ങളും നിർമ്മിച്ചു.

33. വെള്ളായണി തടാകത്തിന്റെ വൃഷ്ടിപ്രദേശം ഹരിതാഭമാക്കുന്നതിനായി കുടംപുളി, അവിൽ, ഞാവൽ, ഇലഞ്ഞി എന്നിവയുടെ തൈകൾ ജെ.എൻ.റ്റി.ബി.ജെ.ആറിൽ നിന്നും ശേഖരിച്ച് നട്ടുപിടിപ്പിച്ചു.

34. കൊല്ലത്തെ ആശ്രാമം കണ്ടൽ കാടുകളിൽ ആയിരം കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചു.





35. ജലാശയങ്ങളുടെ ജൈവവൈവിധ്യം നിർണയിക്കുന്നിന്റെ ഭാഗമായി ശാസ്താംകോട്ട, വെള്ളായണി തടാകങ്ങളുടെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി.
36. വയനാട് പൂക്കോടുള്ള വെറ്ററിനറി കോളേജിന്റെ സഹായത്തോടെ പൂക്കോട് തടാകത്തിലെ ജൈവവൈവിധ്യം തുടർച്ചയായി നിരീക്ഷിക്കുന്ന തിനുള്ള പ്രവർത്തനം നടന്നുവരികയാണ്.



37. വയനാട്ടിലെ ഉത്തരഭാഗത്തുള്ള വനപ്രദേശങ്ങളിലെ ചിത്രശലഭ വൈവിധ്യം നിർണയിക്കുന്നിനുള്ള ഒരു സർവ്വേ കെ.എസ്.ബി.ബി. വനം-വന്യജീവി വകുപ്പുമായി ചേർന്ന് നടത്തി.
38. 2015 ജൂൺ അഞ്ചിന് അന്തർദേശീയ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കെ.എസ്.ബി.ബി., കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭമായി ട്രാൻസ്പോർട്ട് ബസ്സുകളിൽ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള സ്റ്റിക്കറുകൾ പതിച്ചു.
39. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ 2015 മെയ് 22 ന് അന്തർദേശീയ ജൈവവൈവിധ്യ ദിനാഘോഷം നടത്തി. ജൈവവൈവിധ്യവും സുസ്ഥിര വികസനവും'' ആയിരുന്നു ഈ വർഷത്തെ വിഷയം.



40. 2015 സെപ്തംബർ 16 ന് ലോക ഓസോൺ ദിനത്തോടനുബന്ധിച്ച് വിവിധ വിദ്യാലയങ്ങളിലെ ജൈവവൈവിധ്യ ക്ലബ്ബുകൾക്ക് ഓസോൺ സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ വിതരണം ചെയ്തു.
41. അഗ്രോ ഇക്കോളജിക്കൽ ഡെവലപ്മെന്റ് & പ്ലാനിംഗ് പദ്ധതിയുടെ ഭാഗമായി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ അവലോകനം ഉൾപ്പെടുത്തി "Inventorying Agro Biodiversity based on Review of PBR" തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചു.
42. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പദ്ധതിയുടെ ഭാഗമായി വൃക്ഷായുർവേദത്തിലെ ഭാഗങ്ങൾ ഉൾപ്പെടുത്തി ഒരു ഇംഗ്ലീഷ് ഗ്രന്ഥം തയ്യാറാക്കി ആസൂത്രണ ബോർഡിന് സമർപ്പിച്ചു.
43. എൻ.ബി.എ. യുടെ സാമ്പത്തിക സഹായത്തോടുകൂടി "Biocultural Heritage and Sustainability" എന്ന ഗ്രന്ഥം തയ്യാറാക്കുകയും അന്തർദേശീയ ജൈവവൈവിധ്യ ദിനത്തിന് അത് പ്രകാശനം ചെയ്യുകയും ചെയ്തു.
44. ജൈവവൈവിധ്യ പരിപാലന സമിതി, ജൈവവൈവിധ്യ ക്ലബ്ബ് എന്നിവയ്ക്കുള്ള മലയാളം കൈപ്പുസ്തകങ്ങൾ തയ്യാറാക്കി.
45. ''മരോട്ടി പ്രകൃതിയുടെ വരദാനം'' എന്ന കൈപ്പുസ്തകവും വൃക്ഷായുർവേദത്തിലെ തെരഞ്ഞെടുത്ത ഔഷധസസ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൈപ്പുസ്തകവും പ്രസിദ്ധീകരിച്ചു.
46. ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ഹരിതവൽക്കരണത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു മലയാളം കൈപ്പുസ്തകം തയ്യാറാക്കി.
47. ഭൂഗർഭ വിജ്ഞാനവുമായി ബന്ധപ്പെട്ട് കാലാവസ്ഥാ മാറ്റം പോലുള്ള പ്രതിഭാസങ്ങൾ ജൈവവൈവിധ്യത്തിൽ ചെലുത്തുന്ന സ്വാധീനം കണ്ടെത്തുന്നതിനുള്ള ഉപാധികൾ വികസിപ്പിക്കുന്നതിന് ഒരു ശിൽപ്പശാല സംഘടിപ്പിച്ചു.



## ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ അവലോകനയോഗം

1. 22/05/2015 ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽവച്ച് ജില്ലാ കോർഡിനേറ്റർമാരുടെയും പ്രൊജക്റ്റ് ഫെല്ലോമാരുടെയും അവലോകന യോഗം നടത്തി. വിവിധ ജില്ലകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കലുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാനുമാണ് യോഗം വിളിച്ചത്.
2. 2015 ഒക്ടോബർ 16, 17 തീയതികളിൽ വയനാട് സുൽത്താൻ ബത്തേരിയിൽവച്ച് ജില്ലാ കോർഡിനേറ്റർമാരുടെയും പ്രൊജക്റ്റ് ഫെല്ലോമാരുടെയും വാർഷിക അവലോകനയോഗം നടത്തി. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ തയ്യാറാക്കലിന്റെ പുരോഗതിയും, മറ്റ് പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും പുരോഗതിയും ചർച്ചചെയ്തു.

## ജൈവവൈവിധ്യ ക്ലബ്ബുകളുടെ രൂപീകരണം

കേരളത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലുമായി 1136 ജൈവവൈവിധ്യ ക്ലബ്ബുകൾ (BDC) രൂപീകരിച്ചു. നടപ്പുവർഷത്തിൽ 455 എണ്ണമാണ് രൂപീകൃതമായത്, ഇതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | രൂപീകൃതമായ BDCs കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 106 |
| 2 | കൊല്ലം | 59 |
| 3 | പത്തനംതിട്ട | 68 |
| 4 | ആലപ്പുഴ | 161 |
| 5 | കോട്ടയം | 29 |
| 6 | ഇടുക്കി | 161 |
| 7 | എറണാകുളം | 104 |
| 8 | തൃശൂർ | 69 |
| 9 | പാലക്കാട് | 55 |
| 10 | മലപ്പുറം | 73 |
| 11 | കോഴിക്കോട് | 121 |
| 12 | വയനാട് | 54 |
| 13 | കണ്ണൂർ | 61 |
| 14 | കാസർഗോഡ് | 15 |
| | **ആകെ** | **1136** |

## ജൈവവൈവിധ്യ ക്ലബ്ബുകളുടെ കോർഡിനേറ്റർമാർക്കുള്ള പരിശീലനം

റിപ്പോർട്ട് കാലയളവിൽ ജൈവവൈവിധ്യ ക്ലബ്ബുകളുടെ കോർഡിനേറ്റർ മാർക്കായി അഞ്ച് പ്രാദേശിക ശിൽപ്പശാലകൾ സംഘടിപ്പിച്ചു. പ്രാദേശികമായ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക്, ജനകീയ ജൈവവൈവിധ്യ പരിപാലനസമതികൾക്കൊപ്പം ജൈവവൈവിധ്യ ക്ലബ്ബുകളുടെകൂടി പ്രാതിനിധ്യം ഉറപ്പാക്കുകയായിരുന്നു ശിൽപ്പശാലയുടെ ലക്ഷ്യം.

## മറ്റ് ജില്ലാതല പ്രവർത്തനങ്ങൾ


1. 2010 മുതൽ 15 വരെയുള്ള കാലയളവിലെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തി. എല്ലാ ജൈവവൈവിധ്യ പരിപാലനസമിതികൾക്കും ഒരു ചോദ്യാവലി നൽകി വിവരശേഖരണം നടത്തിയാണ് ഈ പഠനം നടത്തിയത്. 72 ശതമാനത്തോളം ജൈവവൈവിധ്യ പരിപാലന സമിതികൾ ഈ പഠനവുമായി സഹകരിച്ചു.
2. കേരളത്തിലെ കാവുകളുടെ ഒരു ജൈവവൈവിധ്യ സർവ്വേ സംഘടിപ്പിച്ചു.
3. കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു.
4. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിലെ നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടപ്പിലാക്കി.
5. വെള്ളായണി, ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി, പൂക്കോട് തടാകങ്ങളിലെ ജൈവവൈവിധ്യം തിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടപ്പിലാക്കി.
6. വയനാട് ജില്ലയിൽ ദേശീയ ഔഷധസസ്യ ബോർഡുമായി സംയോജിച്ച് പദ്ധതി നടപ്പിലാക്കി.
7. പാലക്കാട് ചുരത്തിന്റെ ഹരിതവൽക്കരണ പദ്ധതി നടപ്പിലാക്കി.




## സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
## പ്രസിദ്ധീകരണങ്ങൾ (2015–16)

### ഗ്രന്ഥങ്ങൾ

1) Biocultural Heritage and Sustainability : 2015 ലെ അന്തർദേശീയ ജൈവവൈവിധ്യ ദിനത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട് എൻ.ബി.എ. യുടെ സാമ്പത്തിക സഹായത്തോടെ തയ്യാറാക്കിയ ഗ്രന്ഥമാണിത്. പ്രൊഫ. എം.എസ്. സ്വാമിനാഥൻ, ഡോ. എസ്. അയ്യപ്പൻ തുടങ്ങിയ പ്രമുഖ വ്യക്തികളുടെ 26 ലേഖനങ്ങൾ ഉൾപ്പെടുന്ന ഈ ഗ്രന്ഥം എഡിറ്റ് ചെയ്തത് ഡോ. കെ.പി. ലാലാദാസ്, ഡോ. ഉമ്മൻ വി. ഉമ്മൻ എന്നിവരാണ്. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട മാതൃകകൾ, ജൈവവൈവിധ്യ സംരക്ഷകരുടെ അനുഭവപാഠങ്ങൾ എന്നിവയ്ക്കാണ് ഗ്രന്ഥത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. കാർഷിക ജൈവ വൈവിധ്യം, മനുഷ്യനും പ്രകൃതിയും, സുസ്ഥിര മത്സ്യബന്ധനം, കാവുകൾ, പരമ്പരാഗത ജലസംരക്ഷണ രീതികൾ, കൊറ്റില്ലങ്ങൾ, നാടൻ കന്നുകാലി ഇനങ്ങൾ, പരിസ്ഥിതി ടൂറിസം തുടങ്ങി വ്യത്യസ്തമായ പല വിഷയങ്ങളെ അധികരിച്ചുള്ള ലേഖനങ്ങൾ ഇതിലുണ്ട്.



2) Inventorying Agrodiversity based on review of Peoples Biodiversity Register:
അഗ്രോ ഇക്കോളജിക്കൽ ഡെവലപ്മെന്റ് & പ്ലാനിംഗ് പദ്ധതിയുടെ ഭാഗമായി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ അവലോകനം ഉൾപ്പെടുത്തി "Inventorying Agro Biodiversity based on Review of PBR" എന്ന ഗ്രന്ഥം തയ്യാറാക്കി. നെല്ല്, കിഴങ്ങുവർഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഫലസസ്യങ്ങൾ, എണ്ണക്കുരു വിളകൾ തുടങ്ങിയവയിലെ ജൈവവൈവിധ്യം ഇവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



## കൈപ്പുസ്തകങ്ങൾ

1) ജൈവവൈവിധ്യ പരിപാലനസമിതികൾക്കുള്ള കൈപ്പുസ്തകം (മലയാളം)
ജൈവവൈവിധ്യ പരിപാലന സമിതികളുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ അവ രൂപീകരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ, യോഗങ്ങൾ നടത്തുന്നതിനുള്ള സൂചനകൾ, പ്രാദേശിക ജൈവവൈവിധ്യ ഫണ്ട്, പ്രാദേശിക ജൈവവൈവിധ്യ പദ്ധതികളുടെ ആസൂത്രണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൈപ്പുസ്തകമാണിത്.


2) ജൈവവൈവിധ്യ ക്ലബ്ബുകൾക്കുള്ള കൈപ്പുസ്തകം (മലയാളം)
കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ ജൈവവൈവിധ്യ ക്ലബ്ബുകൾക്കുള്ള പ്രവർത്തനരേഖയാണിത്. ഈ ക്ലബ്ബുകൾക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ചുള്ള സൂചനകൾ ഇതിൽ ഉൾപ്പെടുന്നു.


3) മരോട്ടി പ്രകൃതിയുടെ വരദാനം (മലയാളം)
ഔഷധവൃക്ഷമായ മരോട്ടിയെക്കുറിച്ചുള്ള കൈപ്പുസ്തകം.

4) വൃക്ഷായുർവേദത്തിലെ തെരഞ്ഞെടുത്ത ഔഷധ സസ്യങ്ങൾ ഉൾപ്പെടുത്തിയുള്ള കൈപ്പുസ്തകം (മലയാളം)

5) ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ പരിപോഷണവും സുസ്ഥിര ശേഖരണവും വിളവെടുപ്പും മൂല്യവർദ്ധിത ഉൽപ്പന്നവൽക്കരണവും (മലയാളം)
38 ഔഷധ സസ്യങ്ങളുടെ ഗുണങ്ങൾ, കൃഷിരീതി, സുസ്ഥിര വിളവെടുപ്പ്, ഉറവിടം കണ്ടെത്തൽ എന്നിവ ഉൾപ്പെടുന്ന കൈപ്പുസ്തകം.

6) ഹരിതവൽക്കരണം ഭൂമിയുടെ രക്ഷയ്ക്ക് (മലയാളം)
ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ഹരിതവൽക്കരണം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാനായി തയ്യാറാക്കിയ കൈപ്പുസ്തകം.



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
ജൈവവൈവിധ്യ പരിപാലന സമിതി
BIODIVERSITY MANAGEMENT COMMITTEE
പ്രവർത്തന കൈപ്പുസ്തകം



മരോട്ടി
പ്രകൃതിയുടെ വരദാനം
ജൈവവൈവിധ്യം
നാടിന്റെ സമ്പത്ത്
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്


കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.
തിരുവനന്തപുരം.
ഹരിതവൽക്കരണം ഭൂമിയുടെ രക്ഷയ്ക്ക്
(ബോധവത്ക്കരണത്തിനുള്ള കൈപുസ്തകം)


ഔഷധസസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ
പരിപോഷണവും സുസ്ഥിരശേഖരണവും
വിളവെടുപ്പും മൂല്യവർദ്ധിത ഉൽപ്പന്നവൽക്കരണവും
(ബോധവൽക്കരണത്തിനുള്ള കൈപ്പുസ്തകം)
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്


KERALA STATE BIODIVERSITY BOARD
Feathers of Vellayani
LINDA JOHN | K.P LALADHAS | OOMMEN V. OOMMEN


VRIKSHAYURVEDA
ANCIENT SCIENCE OF PLANT LIFE AND PLANT CARE
S. RAJASEKHARAN
G.S. UNNIKRISHNAN NAIR
KERALA STATE BIODIVERSITY BOARD
KERALA STATE PLANNING BOARD


MEDICINAL PROPERTIES OF
SELECTED PLANTS USED IN
VRIKSHAYURVEDA
KERALA STATE BIODIVERSITY BOARD
KERALA STATE PLANNING BOARD


KERALA
STATE
BIODIVERSITY
BOARD
Glimpses

## വാർത്താപത്രിക

“ഗ്രീൻ ലൈഫ് ” എന്ന വാർത്താ പത്രികയുടെ മൂന്ന് പതിപ്പുകൾ നടപ്പുവർഷം പ്രസിദ്ധീകിച്ചു. ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ പുതിയ മുന്നേറ്റങ്ങൾ, സംരക്ഷകരുടെ അനുഭവ പാഠങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുട്ടികളെ ജൈവവൈവിധ്യ സംരക്ഷണത്തിലേയ്ക്ക് ആകർഷിക്കാനുതകുന്ന കുറിപ്പുകൾ എന്നിവയൊക്കെ ഉൾപ്പെടുന്നതാണ് ഈ വാർത്താപത്രിക.



Quarterly Newsletter
Green Life
May 2015 Vol - 4 Issue - 2

### National Biodiversity Congress held at the capital

**INSIDE THIS ISSUE**


Editorial — 2
From Chairman's Desk — 3
KSBB Events — 4
Eco Heroes — 6
Strange But true — 7
Green Tales — 8


The National Biodiversity Congress and Expo were held at Kanakakkunnu, Thiruvananthapuram from 23rd to 27th February 2015.

National Biodiversity Expo was inaugurated by Chief Minister Oommen Chandy. More than 100 stalls were set by various institutions and organizations. 'Prakruthivarnangal', a live Biodiversity painting programme by 40 artists was organized. This was also inaugurated by the Chief Minister. The Congress was inaugurated by K. Muraleedharan MLA. Dr. Oommen V. Oommen, Chairman, State Biodiversity Board presided over the function. Dr. K. P. Laladhas, Member Secretary, KSBB welcomed the gathering and Dr. S. Rajasekharan, Senior Programme Coordinator expressed vote of thanks. Mr. Yalakki IFS, Director, Department of Environment and Climate Change, Mr. K. G. Sreekumar, CEO, State Medicinal Plant Board and Dr. P. G. Latha, Director, Jawaharlal Nehru Tropical Botanic Garden and Research Institute were present.

*Chief Minister Oommen Chandy inaugurating 'Prakruthivarnangal'*

*K. Muralidharan, MLA inaugurating NBC 2015*

### Sustainable use of Bio-resources, need of the hour: Governor

The valedictory function of the 2nd National Biodiversity Congress held at Kanakakkunnu Palace Auditorium, Thiruvananthapuram, was inaugurated by Hon'ble Governor, Justice P. Sathasivam.

In his inaugural speech the Governor said that sustainable use of bio-resources should be promoted in the country. The emerging market for biodiversity-based products and services could generate alternative sources of income and livelihood. Minister for Environment and Forest Thiruvanchoor Radhakrishnan presided over the function.

Governor distributed prizes to the winners of the contests organized in connection with the Children's Biodiversity Congress and to the best pavilions of the Expo. Dr. Oommen V. Oommen, Chairman, Kerala State Biodiversity Board, Dr. Achuthsankar S. Nair, Board Member and Dr. K.P. Laladhas, Member Secretary, were present at the valedictory function.

*Hon'ble Governor Justice P. Sathasivam inaugurating the valedictory function of NBC 2015*


EDITORIAL BOARD

Chairman-KSBB: Dr. Oommen V. Oommen
Chief Editor: Dr. K. P. Laladhas, Member Secretary, KSBB
Editor: G. S. Unnikrishnan Nair
Asst. Editors: Dr. Preetha N, Dr. Vijayasree A. S, Mithrambika N.B, Dr. Baijulal B
Layout & Design: Vinod A.G

# Research Publications

1. KP Laladhas, Preetha.N, Linda John, Sandhya Rani V and Oommen. V Oommen (2015) Sustainable Monsoon floodplain fisheries in Bio cultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board.
2. KP Laladhas, Preetha.N, Linda John, Oommen V Oommen (2015) People's Artificial reefs for sustainable natural resource management in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board.
3. Preetha.N, KP Laladhas Linda John, Sujith. V Gopalan and Oommen V Oommen (2015) Heronry conservation incentives for Biodiversity conservation in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board.
4. K P Laladhas, Baiju Lal B, Preetha.N, Oommen V Oommen (2015) A tribal panchayat shows the way of sustainability in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board.
5. KP Laladhas, Preetha.N, Mithrambika N B and Oommen V Oommen (2015) Biodiversity governance at local level in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board.
6. Preetha N, G S Unnikrishnan Nair, KP Laladhas, Annie Mathai, Baiju Lal B, Vijayasree A S (2015) Green warriors in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board
7. G S Unnikrishnan Nair (2015) Kuttanad – Globally important Agricul tural Heritage System in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board
8. G S Unnikrishnan Nair, Laladhas KP, Oommen V Oommen (2015) A safe home for the visitors for the deep sea in Biocultural Heritage and Sustainability eds K P Laladhas and Oommen V Oommen, Kerala State Biodiversity Board

9. G S Unnikrishnan Nair, Laladhas KP, Baijulal B, Oommen V Oom men (2015) Waste to wealth in Biocultural Heritage and Sustainabilit yeds K P Laladhas and Oommen V Oommen, Kerala State Biodiver sity Board
10. G S Unnikrishnan Nair (2015) A green village dream in Biocultural Heritage and Sustainability eds K P Laladhas and Oommen V Oom men, Kerala State Biodiversity Board
11. G S Unnikrishnan Nair, Laladhas KP, Krishnan P, Oommen V Oom men (2015) Harvesting water the traditional way in Biocultural Heritage and Sustainability eds K P Laladhas and Oommen V Oom men, Kerala State Biodiversity Board
12. Preetha N, Laladhas K P and Oommen V Oommen Western Ghats Biodiversity Conservation (2015) National Seminar on Patents, Plant Breeding Biotechnology and Conservation 3-5 Dec 2015, Malabar Botanic Garden-Kozhikode
13. Preetha N, Laladhas KP & Oommen V Oommen 2016 Public participation in land use planning of Western Ghats National Seminar on Emerging approaches in Land use planning, Kerala Land Use Board.13th & 14th January 2016




കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

എൽ - 14, ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം - 695011

Ph – 0471 – 2554740, Telefax: 0471- 2448234

Email: keralabiodiversity@gmail.com

Website: www.keralabiodiversity.org